## 714

1 സമയമാം രഥത്തിൽ ഞാൻ സ്വർഗ്ഗയാത്ര ചെയ്യുന്നു
എൻ സ്വദേശം കാണ്മതിന്നു ബദ്ധപ്പെട്ടോടിടുന്നു

ആകെയൽപ്പനേരം മാത്രം എന്റെ യാത്ര തീരുവാൻ
യേശുവേ നിനക്കു സ്തോത്രം വേഗം നിന്നെ കാണും ഞാൻ

2 രാവിലെ ഞാൻ ഉണരുമ്പോൾ ഭാഗ്യമുള്ളോർ നിശ്ചയം
എന്റെ യാത്രയുടെ അന്തം ഇന്നലേക്കാൾ അടുപ്പം

3 രാത്രിയിൽ ഞാൻ ദൈവത്തിന്റെ കൈകളിലുറങ്ങുന്നു
അപ്പോഴുമെൻ രഥത്തിന്റെ ചക്രം മുമ്പോട്ടോടുന്നു

4 തേടുവാൻ ജഡത്തിൻ സുഖം ഇപ്പോൾ അല്ല സമയം
സ്വന്തനാട്ടിൽ ദൈവമുഖം കാൺകയത്രേ വാഞ്ഛിതം

5 ഭാരങ്ങൾ കൂടുന്നതിന്നു ഒന്നും വേണ്ട യാത്രയിൽ
അൽപ്പം അപ്പം വിശപ്പിന്നും സ്വൽപ്പം വെള്ളം ദാഹിക്കിൽ

6 സ്ഥലം ഹാ! മഹാവിശേഷം ഫലം എത്ര മധുരം!
വേണ്ട വേണ്ടാ ഭൂപ്രദേശം അല്ല എന്റെ പാർപ്പിടം

7 നിത്യമായോർ വാസസ്ഥലം എനിക്കുണ്ട് സ്വർഗ്ഗത്തിൽ
ജീവവൃക്ഷത്തിന്റെ ഫലം ദൈവപറുദീസയിൽ

8 എന്നെ എതിരേൽപ്പാനായി ദൈവദൂതർ വരുന്നു
വേണ്ടുമ്പോലെ യാത്രയ്ക്കായി പുതുശക്തി തരുന്നു-

9 ശുദ്ധന്മാർക്കു വെളിച്ചത്തിൽ ഉള്ള അവകാശത്തിൽ
പങ്കു തന്ന ദൈവത്തിന്നു സ്തോത്രം സ്തോത്രം പാടും ഞാൻ- **V.N.**